പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2932      28/01/2014 ൽ മറുപടിയ്ക്ക്

## വിഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള പഠന സഹായ ഉപകരണങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഈ വർഷം സഹായ ഉപകരണങ്ങൾ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ IEDSS പദ്ധതിയിൻകീഴിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഈ വർഷത്തെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഉപകരണങ്ങളുടെ വിതരണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയത് ; ഏതെല്ലാം ഉപകരണങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) IEDSS പദ്ധതിയിൻകീഴിൽ ഉപകരണ വിതരണത്തിന് ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. കുട്ടികൾക്ക് സഹായ ഉപകരണങ്ങൾക്കുള്ള തുക ബാങ്ക് അക്കൗണ്ട് വഴി നൽകിവരുന്നു. മെഡിക്കൽ ക്യാമ്പിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് കണ്ണട, വീൽ ചെയർ, ഹിയറിംഗ് എയ്ഡ്സ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നു. |
| (സി) അദ്ധ്യയന വർഷാരംഭത്തിൽ നല്കേണ്ട പഠന സഹായ ഉപകരണങ്ങൾ നൽകാതെ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) IEDSS പദ്ധതിയിൻകീഴിൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ ഓരോ വർഷവും മെഡിക്കൽ ക്യാമ്പുകളിൽ നിർദ്ദേശിക്കുന്ന കുട്ടികൾക്കാണ് സഹായോപകരണങ്ങൾക്കുള്ള തുക നൽകിവരുന്നത്. ഈ വർഷം ഇത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ